**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 'കോവിഡും ജീവിതവും നൊച്ചാടിന്റെ നേർക്കാഴ്ചകൾ' പുസ്തക രൂപത്തിലാക്കി 1000 കോപ്പി അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യുന്നതിലേക്കായി കണക്കാക്കുന്ന ചെലവ് നൊച്ചാട് ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2363/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം,
**തീയതി,21/12/2020**

---

പരാമർശം:- നൊച്ചാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 05/10/2020 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

കോവിഡ് എത്രത്തോളം ജനജീവിതത്തെ ബാധിച്ചു എന്ന് കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമ പഞ്ചായത്തിന്റെ പശ്ചാത്തലത്തിൽ പഠന വിധേയമാക്കാൻ ഗ്രാമ പഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ആറുമാസക്കാലമായി പഠനം നടത്തി സമഗ്രമായ ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട് .250 പേജ് വരുന്ന ഈ റിപ്പോർട്ട് പുസ്തക രൂപത്തിലാക്കി 1000 കോപ്പി അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യുന്നതിലേക്കായി 80000 രൂപ ചെലവ് കണക്കാക്കുന്നു .മേൽ തുക ഗ്രാമപഞ്ചായത് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നാണ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരിക്കുന്നത് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമ പഞ്ചായത്ത് പഠനം നടത്തി തയ്യാറാക്കിയ സമഗ്രമായ റിപ്പോർട്ട് ,'കോവിഡും ജീവിതവും നൊച്ചാടിന്റെ നേർക്കാഴ്ചകൾ' പുസ്തക രൂപത്തിലാക്കി 1000 കോപ്പി അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യുന്നതിലേക്കായി കണക്കാക്കുന്ന ചെലവ 80000 രൂപ (എൺപതിനായിരം രൂപ) ഗ്രാമപഞ്ചായത് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, )

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി/പ്രസിഡന്റ്, നൊച്ചാട് ഗ്രാമ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.12.21 15:36:27 IST
Reason: Approved